പ്രിയോർ മാങ്ങയും, പ്രിയോരച്ചനും

കേരളീയരുടെഇഷ്ടഭോജനമായമരച്ചീനി, മരവള്ളി കിഴങ്ങ് , കൊള്ളി കിഴങ്ങ് എന്നറിയപ്പെടുന്ന നമ്മുടെ സ്വന്തം കപ്പകിഴങ്ങ്പോർച്ചുഗീസ്കാർ ഇന്ത്യയിലേയ്ക്ക്കൊണ്ടുവന്ന്നട്ടുപിടിപ്പിച്ച് വളർത്തിയതാണെന്നും, മാങ്ങ ഇന്ത്യയിൽനിന്നുംപോർച്ചുഗീസിലേക്ക് കൊണ്ടുപോയിനട്ടുവളർത്തിയതാണെന്നുമുള്ള ചരിത്രം നാം പല പ്രാവശ്യം കേൾക്കുകയും, വായിക്കുകയും, പഠിക്കുകയും ചെയ്തിട്ടുള്ളവരാണ്. ഇതു സൂചിപ്പിക്കുന്നത് ഇന്ത്യയിൽ വിവിധയിനം മാവുകൾ സുലഭമായി ഉണ്ടായിരുന്നുവെന്നും ഇന്ത്യൻ പഴങ്ങളിൽ മാമ്പഴത്തിന് പ്രത്യേക സ്ഥാനമുണ്ടായിരുന്നുവെന്നുമാണ്. ഇന്ത്യയുടെ വടക്കുകിഴക്ക് ഭാഗങ്ങളിലെന്നപോലെ തെക്ക് കിഴക്ക് ഭാഗങ്ങളിലും ധാരാളം മാന്തോപ്പുകളും വിവിധയിനം മാങ്ങകളും ഉണ്ടെന്ന കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു.

ബെങ്കനപ്പിള്ളി, ഗുദാദ്, നടശാല, ചന്ദ്രക്കാരൻ, മല്ലിക, ദസരി, സ്വർണ്ണ രേഖ, സിന്ദൂരം,ശർക്കരക്കുട്ടി, സുന്ദരി, ചുങ്കിരി, അൽഫോൻസോ, കിന്റൽ മാങ്ങ, കിളിച്ചുണ്ടൻ, വട്ട മാങ്ങ, മൽഗോവ, തൊലി കയ്പൻ, മൂവാണ്ടൻ, റൂമാനി, നീലം, സൂര്യ, ഇമാം പസന്ത്, മരമാങ്ങ, നമ്പ്യാർ മാങ്ങ, കൊളമ്പ്, മൈലാ പൂമാങ്ങ, പേരക്ക മാങ്ങ, മൈൽപ്പീലി മാങ്ങ, അമരപാളി, ഫസലി, മാൻകേർഡ്, ബോംബെ ഗ്രീൻ ,ലാങ്ഗ്ര, തോട്ടപ്പുരി, റാസ് പുരി, ലക്ഷ്മൻഭാഗ്, കേസർ, കാവേരി, കോട്ടൂർകോണം, ചൗസ, ബദാമി, സഫേസ, ഹിംസാഗർ, ഫേരി, ഗുലാബിഗാസ്, വനരാജ്, ജഹാംഗീർ, പ്രിയോർ കൂടാതെ നാട്ടുമാങ്ങകളും, seedless , Juice കുടിയൻ മാങ്ങകളും ഇന്ന് വിപണിയിൽ നമുക്ക് ലഭ്യമാകുന്നുണ്ട്. സ്ഥലം, വ്യക്തികൾ, സ്വഭാവം, രുചി, ആകൃതി, തൂക്കം, നിറം എന്നിവ അടിസ്ഥാനമാക്കി ഓരോ മാങ്ങയ്ക്കും പേര് നല്കിയിരിക്കുന്നു. നാം കേട്ടതും കേൾക്കാത്തതും, രുചിച്ചതും രുചിക്കാത്തതുമായ അൻപതിലധികം മാങ്ങകൾ നമ്മുടെ ഭാരതത്തിൽ സുലഭമാണ്.

മേൽ പറഞ്ഞ മാങ്ങകളിൽ കേരള ജനതയക്ക് ജാതിമതഭേദമെന്യേ പ്രിയങ്കരനും,ഒരുകാലത്ത്മാങ്ങകളിൽ രാജാവ് എന്ന വിശേഷിപ്പിക്കുവാൻ തക്കവിധം രുചി പ്രാധാന്യമുള്ള മാങ്ങ 'പ്രിയോർ മാങ്ങ ' തന്നെയായിരുന്നു. പച്ചയ്ക്കുംപഴുത്തുംഭക്ഷിക്കാനുതകുന്ന നല്ല രുചിയുള്ള മാങ്ങ .ഇതൊരു ഗോവൻ മാങ്ങയാണെന്നാണ് ചരിത്രം പറയുന്നത്. കേരളത്തിനു പുറത്ത് ചന്തകളിൽ ഈ മാങ്ങ ഇതുവരെ കണ്ടിട്ടുമില്ല. ഉണ്ടെങ്കിൽ തന്നെ ഗോവയിൽ,പ്രിയോർമാങ്ങയെന്നായിരിക്കില്ല, വേറെ പേരിലായിരിക്കും അറിയപ്പെടുക.

പ്രിയോർ എന്നു കേൾക്കുമ്പോൾ, കേരളത്തിന്റെ ആത്മീയ - സാമൂഹിക-വിദ്യാഭ്യാസ-മത സൗഹാർദ്ദപരമായ വളർച്ചയ്ക്ക് നെടു

നായകത്വം വഹിച്ച നമ്മുടെ പുണ്യാളനായവി.ചാവറകുരിയാക്കോസ് ഏലിയാസച്ച നിലേയ്ക്ക് ദൃഷ്ടി തിരിക്കുന്നത് ഉചിതമായിരിക്കും.

വി .ചാവറയച്ചൻ കൂനമ്മാവ് ആശ്രമത്തിൽ ജീവിച്ചിരുന്ന കാലം. ആശ്രമത്തിലെ അന്തേവാസികളും നാട്ടുക്കാരും അദ്ദേഹത്തെ ഏറെ ബഹുമാനിക്കുകയും,ആദരിക്കുകയും ചെയ്തിരുന്നു. നമ്മുടെ പുണ്യവാൻ ആ കാലങ്ങളിൽ അറിയപ്പെട്ടിരുന്നത് പുണ്യാളച്ചനായ പ്രിയോരച്ചൻ എന്നാണ്.

പാറായി തോമയും, അരണാട്ടുകര തരകൻ വൈദ്യരുംചാവറപിതാവിന്റെ ഉററ സുഹൃത്തുക്കളായിരുന്നു. ഒരിക്കൽ പാറായി തോമ ഫ്രാൻസീസ് സേവിയർ പുണ്യവാന്റെ പൂജ്യ ശരീരം സന്ദർശിക്കാൻ ഗോവക്ക് പോയി. കപ്പലിലായിരുന്നു യാത്ര. പോകാനും, തിരിച്ചുവരാനും ദിവസങ്ങളോളം എടുത്തു. പൂജ്യ ശരീരം സന്ദർശിച്ച അനുഭവം പങ്കുവെയ്ക്കാൻ സുഹൃത്ത് വി.ചാവറ പിതാവിന്റെ പക്കലെത്തി സന്തോഷമായി ഒരു പൊതി അദ്ദേഹത്തിന് സമ്മാനമായി കൊടുത്തു.പൊതി തുറന്നു നോക്കിയപ്പാൾ അതിൽ വാടിയതും, ചുങ്ങിയതും, നന്നായി മൂത്തു പഴുത്തതുമായ പ്രത്യേകതരം മാങ്ങകൾ. അഞ്ചോ, ആറോ മാങ്ങകൾ ഉണ്ടായിരുന്നു വെന്നാണ് ചാവറ പിതാവിന്റെ നാളാഗമത്തിൽ (chronicle) എഴുതിയിരിക്കുന്നത്. അതിൽ നല്ല മൂത്തു പഴുത്ത മാങ്ങകൾ നമ്മുടെ പ്രിയോരച്ചൻ (ചാവറയച്ചൻ) മാറ്റി വച്ചു. മറ്റു മാങ്ങകൾ അടുത്തുള്ള കർമ്മലീത്ത മഠത്തിലേക്ക് കൊടുത്തയച്ചു. അതിന്റെ കൂടെ ഒരു കുറിപ്പും എഴുതി വെച്ചു. ഹൃദയത്തെ സ്പർശിക്കുന്ന പൈതൃക സ്നേഹവും , ആ മാങ്ങ പൂളി എല്ലാവരെയും ആ രുചി അറിയിക്കുന്ന മാതൃ സ്നേഹവും ഒരുമിച്ച് കൂട്ടി വായിക്കേണ്ട ഒരു കുറിപ്പായിരുന്നു അത്. തുടർന്ന് ദൈവസ്നേഹത്തെ കുറിച്ചുള്ള ഒരു ഉപദേശവും ,പങ്കുവെയ്ക്കലിന്റെയും, സമൂഹ കൂട്ടായ്മയുടെ മാധുര്യത്തെ കുറിച്ചും അദ്ദേഹം അവരെ പഠിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ: " പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈസമ്മാനംകൊടുത്തയയ്ക്കുന്നു...... ഇതിൽ ചുമന്നത് രണ്ടും ഇന്ത്യയിൽ ഉള്ളതിൽ ഒന്നാം തരം. .......... നിങ്ങൾ ഇതിന്റെ രുചിയറിഞ്ഞ് കിളിപ്പിച്ച് ഉണ്ടാക്കുവാനായിട്ട് കൊടുത്തയയ്ക്കുന്നു. തൊലി ചെത്തി കളഞ്ഞ് പൂളി എല്ലാവരെയും ഇതിന്റെ രുചി അറിയിക്കണം". പണ്ടുകാലത്ത് എന്തെങ്കിലും വീടുകളിൽ ഉണ്ടായാൽ ( ചക്ക, മാങ്ങ, etc) അത് അയൽക്കാർക്കും, ബന്ധുക്കൾക്കും പകർന്നു കൊടുക്കുന്ന ശീലം പാലിച്ചു പോന്നിരുന്നു. ഇന്നും നമ്മുടെ ആശ്രമങ്ങളിലും, മംങ്ങളിലും, വീടുകളിലും ഈ നല്ല നടപ്പ് ശീലിച്ചു പോരുന്നു.

മാറ്റി വെച്ച മാങ്ങകളുടെ വിത്തുകൾ ഭദ്രമായി പാകി മുളപ്പിച്ചു.മനുഷ്യൻ എത്ര ബലഹീനനും ക്ഷണികനു മാണെന്ന് ഓർക്കുന്നതിനു വേണ്ടി ഓരോ കൊവേന്തയിലും 'ദുക്റാനൻ' (ഓർമയ്ക്ക്) എന്ന് പേരിട്ട് ഈ മധുര മാവുകൾ നട്ടുപിടിപ്പിക്കുന്നതിന്

തൈകൾ കൊവേന്തകളിലേക്ക് കൊടുത്തയക്കുകയും ചെയ്തിട്ടുണ്ട്. അന്നു അദ്ദേഹം താമസിച്ചിരുന്ന കൂനമ്മാവ് കൊവേന്ത മുറ്റത്തും ഒരെണ്ണം നട്ടുപിടിപ്പിച്ചു. 1871-ൽ ചാവറയച്ചൻ സ്വർഗ്ഗ യാത്രയായി. വർഷങ്ങൾ കഴിഞ്ഞു. പ്രിയോരച്ചൻ നട്ട മാവ് വളർന്ന് പന്തലിച്ച് പൂക്കാൻ തുടങ്ങി.നിറയെ മാങ്ങകളുണ്ടായി.ആ മാങ്ങകൾഅന്നുണ്ടായിരുന്നകൊവേന്തകളിലേക്കും,മഠങ്ങളിലേക്കും ,ചുറ്റിലുമുള്ള ആൾക്കാർക്കും പങ്കുവെച്ചു കൊടുത്തു. രുചിച്ചവരെല്ലാം ആ പേരില്ലാത്ത ഗോവൻ മാങ്ങയ്ക്ക് 'പ്രിയോർ മാങ്ങ ' എന്നു പേരിട്ടു. ചുരുക്കത്തിൽ പ്രിയോരച്ചൻ (ചാവറയച്ചൻ ) നട്ടു വളർത്തിയ മാവിന്റെ മാങ്ങ . രുചിച്ചവരെല്ലാം പറഞ്ഞു, പ്രിയോർ മാങ്ങ, മാങ്ങകളിൽ കേമൻ തന്നെ. അങ്ങനെ പ്രിയോർ മാങ്ങയുടെ മേന്മ നാടെങ്ങും പരന്നു.Valentine's day St. Valentine യും , സാന്താക്ലോസ് St. Nichlauseനെയുംഅനുസ്മരിപ്പിക്കുന്നതുപ്പോലെ 'പ്രിയോർ മാങ്ങ ' വി. ചാവറകുരിയാക്കോസ്ഏലിയാസച്ചനേയും ഓർക്കാൻ സഹായിക്കുന്നു.

കേരളത്തിലും, കേരളത്തിനു പുറത്തു ഒട്ടുമിക്ക സി.എം.ഐ ആശ്രമങ്ങളിലും, സി.എം.സി മഠങ്ങളിലും പ്രിയോർ മാവു് കാണാവുന്നതാണ്.1972 ൽ ചാവറ പിതാവ് നട്ടുവളർത്തി വലുതാക്കിയ മാവു് കടപുഴകി വീണു. അതിന്റെ തടി പലകകളാക്കി ഏതാനും സി.എം.ഐ, സി.എംസി ആശ്രമങ്ങളിലേക്കും, മഠങ്ങളിലേക്കുംകൊടുത്തയയ്ക്കുകയും ചാവറ പിതാവിന്റെ തിരുശേഷിപ്പ് എന്ന പോലെ ഇന്നും അതു സൂക്ഷിച്ചു വരുകയും ചെയ്യുന്നു.കൂടാതെ കടപുഴകി വീണ മാവിന്റെ സ്ഥാനത്ത് വേറൊരു പ്രിയോർ മാവ് നട്ടുപിടിപ്പിച്ചിട്ടുമുണ്ട്.

പ്രിയപ്പെട്ടവരെ, മാങ്ങക്കാലം ഏകദ്ദേശം തീർന്നു കൊണ്ടിരിക്കുകയാണല്ലോ. Fruits stall കളിൽ പ്രിയോർ മാങ്ങ കണ്ടാൽ വില എത്രയായിരുന്നാലും ഒരു മാങ്ങയെങ്കിലും വാങ്ങിച്ചു രുചിച്ചു നോക്കാൻ മറക്കരുതേ. ഒരിക്കലെങ്കിലും വിശുദ്ധന്റെ സ്പർശനമേറ്റ മാങ്ങ രുചിച്ചു നോക്കണേ. മാങ്ങയുടെ രുചി നുണയുമ്പോൾ പ്രിയോർ മാങ്ങയുടെ ഉത്ഭവക്കാരനായ വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചനെ ഓർക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യണേ.

ഫാ. ഡേവീസ് തട്ടിൽ സി.എം.ഐ.